File No.IMS/1142/2022-F5

G3 2074/22 4/4/22

# ഇൻഷുറൻസ് മെഡിക്കൽ സെർവീസ്സ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

2-4

C 2/4/22

വിഷയം: ഇൻഷുറൻസ് മെഡിക്കൽ സെർവീസ്സ് വകുപ്പ്-അക്കൗണ്ടബിൾ മരുന്നുകളുടെ വില പുനർനിർണയിക്കുന്നത് - സംബന്ധിച്ച്.

സൂചന :(1) സർക്കുലർ നമ്പർ -M.S.A(3)/33672/2015/ആ.വ.ഡ, തീയതി 08.09.2015.
(2) സർക്കുലർ നമ്പർ -M.S.A(3)-88959/2021/ആ.വ.ഡ തീയതി:01.03.2022.

## ഉത്തരവ് നമ്പർ . എഫ് 5-1142/2022/DIMS, Dated:22.03.2022.

ഇ .എസ് .ഐ .ആശുപത്രികളിലും ഡിസ്പെൻസറികളിലും വിതരണം നടത്തുന്ന മരുന്നുകളിൽ അക്കൗണ്ട് ചെയ്യേണ്ടവയുടെ (Costly Drugs) വിലനിലവാരം കാലോചിതമായി പരിഷ്കരിച്ച നൽകാറുണ്ട് .ഇൻഷുറൻസ് മെഡിക്കൽ സെർവീസ്സ് വകുപ്പിൽ ഏറ്റവും അവസാനം ഈ പരിഷ്കരണം നടപ്പിൽ വരുത്തിയിരിക്കുന്നത് സൂചന ഒന്നിലെ ഉത്തരവ് പ്രകാരമാണ് .ഈ പരിഷ്കരണം നടപ്പിൽ വരുത്തിയിട്ട് 6 വർഷം പൂർത്തിയാകുന്ന സാഹചര്യത്തിലും മാതൃവകുപ്പായ ആരോഗ്യ വകുപ്പിൽ ഈ പരിഷ്കരണം സൂചന(2) പ്രകാരം നടപ്പിൽ വരുത്തിയിട്ടുള്ളതിനാലും അക്കൗണ്ടബിൾ മരുന്നുകളുടെ വില താഴെപ്പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ച ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിലുള്ള വില | പുതുക്കിയ വില |
|---|---|---|---|
| 1 | ക്യാപ്സ്യൂൾസ് | Rs.5 | Rs.10 |
| 2 | ടാബ്ലെറ്റ്സ് | Rs.5 | Rs.10 |
| 3 | സിറപ്പ് /സസ്പെൻഷൻ | Rs.40 | Rs.70 |
| 4 | ഐ/ ഇയർ /നാസൽ Drops | Rs.30 | Rs.50 |
| 5 | ഓയിന്റ്മെന്റ്/ക്രീം | Rs.30 | Rs.50 |
| 6 | സപ്പോസിറ്ററീസ് | Rs.20 | Rs.35 |
| | | | |

എല്ലായിനം ഇഞ്ചക്ഷനുകളും ഐ. വി. ഫ്ലൂയിഡുകളും ഇൻഹെയ്ലറുകളും ഹാബിറ്റ് ഫോമിങ് മരുന്നുകളും വിലപരിധി നോക്കാതെ അക്കൗണ്ട് ചെയ്യേണ്ടതാണ് .